# Deepam

## Zainudheen Memmorial High School Poolamangalam

2018-19



little KITEs

# ഉത്ഭവം

1984-ൽ ആരംഭിച്ച പൂളമംഗലം ZMHS സ്കൂൾ ഓരോ വർഷവും വളർച്ചയുടെ പടവുകൾ താണ്ടുന്നു.പ്രദേശത്തെ ഏറ്റവും പാവപ്പെട്ട കുട്ടികളുടെ സ്കൂളായിട്ടാണ് ഇത് കടന്നു പോകുന്നത്.എന്നാലും,മിക്കവാറും 93%മുകളിൽ SSLC റിസൾട്ടും,വർഷാവർഷങ്ങളിൽ Work experience,sports, games,scout & guides,kite unit ഇനങ്ങളിൽ വളരെയധികം കുട്ടികൾ കഴിവു തെളിയിച്ചു പോരുന്നു.ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ഹെഡ്മാസ്റ്റർ അനിൽ കുമാർ സാറിനും മറ്റധ്യാപകർക്കും ഞങ്ങൾ കുട്ടികളുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

വാഹിദ്.വീ.കെ 9:C

# മഴ

മഴ പെയ്തൊരാ്രുഴിതൻ
മാറത്തു കുഞ്ഞിക്കാലടികൾ
പതിയുന്ന,കാണുന്നൊരമ്മതൻ
നെഞ്ചിൽ ചുരന്നോരമൃതം

കാലമല്ലാക്കാലത്തു വസുധയിൽ

വീണൊരാനീത്തുള്ളിയാഴങ്ങളിലേറ്റുവാങ്ങി

വേനലിൽ ചുണ്ടിലൊരിറ്റു പുഞ്ചിരി
തീർത്തതുമീ മഴയോ?


മാനത്തു നിന്നു നൂലിഴകൾ പോൽ
വീഴുമീ മഴ കാണുവാനെന്തു ചന്തം

ഉമ്മറക്കോലായിലൊരു
തൂണുചാരിയൊരു പകൽ
മുഴുവനിരുന്നാൽ കൊതിതീരുമോ?
ഈ മഴ കാണുവാനെന്തു ചന്തം.

# ഗുരുദൈവം

സജിൽ റഹ്മാൻ 9:B




വന്ദിപ്പൂ നാം ഗുരുവിനെ
നിത്യവും
ഈശ്വരനെപ്പോലെ
ആദരിച്ചീടേണമാ
മഹാദൈവത്തെ
മാതാപിതാക്കളെപ്പോൽ
തരിശായ് കിടക്കുന്ന
കുഞ്ഞുമനസ്സിലേ-
ക്കറിവിൻ വെളിച്ചവുമായ്
അണയുന്ന
ദൈവമാണല്ലോ ഗുരുനാഥൻ
അറിവിന്റെ വാരിധി
ഗുരുനാഥൻ

അതിരറ്റ ക്ഷമയോടു കൂടിയാഗുരുദൈവ-
മറിവു ചൊരിയുന്ന നമ്മിൽ
അറിവിന്റെ ദിവ്യതേജസ്സാം ഗുരു തന്നെ
ഈ മഹാപാരിലെ ദൈവം.

ANCHORAGE STUDIOS



# IT @School-zmhs

**IT@School** പദ്ധതി നടപ്പാക്കിയ **2002-03** വർഷം തന്നെ **zmhs**ൽ ഒരു കമ്പ്യൂട്ടർ ലാബ് ഒരുക്കാൻ സാധിച്ചു.സ്കൂൾ മാനേജ്മെന്റും പി ടി എ ഭാരവാഹികളും അധ്യാപകരും ചേർന്ന് കമ്പ്യൂട്ടറുകൾ വാങ്ങുകയും പി ടി എ യുടെ സഹകരണത്തോടെ ലാബ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.തുടർന്ന് ഇന്നേവരെ സഹകരണം നിർലോഭം ലഭിച്ചുവരുന്നു.ലാബിന്റെ തുടക്കം മുതൽ തന്നെ പല അധ്യാപകർ അതിന്റെ കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചുവരുന്നു.**10**-ഓളം കമ്പ്യൂട്ടറുകൾ കൊണ്ട് കുട്ടികൾ ഞങ്ങളുടെ ലാബിൽ അവരുടെ കഴിവുകൾ തെളിയിക്കുന്നു.

# ഒഴിവുകാലത്തിന്റെ ഓർമ്മക്കായ്

വാഹിദ്.വീ.കെ 9:C

ണിം..ണിം... സ്കൂളിൽ മണിമുഴങ്ങി.കുട്ടികൾ ചോറ്റുപാത്രമെടുത്തോടാൻ തുടങ്ങി.വരിയിൽ ഏറ്റവും മുന്നിൽ അപ്പുവായിരുന്നു.അതിൽ അവൻ അതിരറ്റ സന്തോഷിച്ചു.ഭക്ഷണം ലഭിച്ചതും അവനതുകൊണ്ട് വളരെ വേഗത്തിലോടി.

തെരുവിലെ കെട്ടിടങ്ങളെ അതിവേഗം പിന്നിലാക്കി,

പൊട്ടിപൊളിയാറായൊരു ഷെഡ്ഡിന്റെ മുന്നിലെ
ത്തി.വാതിൽ പതിയെതള്ളി .തന്റെ കുഞ്ഞനുജനെയെ
ടുത്ത് മടിയിൽ വച്ചുകൊണ്ടവൻ ദീർഘനിശ്വാസം വി
ട്ടു.

അനുജന്റെ വായിലേക്ക് ചോറുരുളവെച്ചുവെച്ചുകൊ
ടുക്കുമ്പോൾ അപ്പുവിന്റെ ഹൃദയം തുടിച്ചു. അവനും അനു
ജനും വിശപ്പടക്കിയശേഷം ബാക്കിഭക്ഷണം ഇലയിൽ
പൊതിഞ്ഞ് ചുമരിന്റെ ഒരു മൂലയിൽ വച്ചു.രാത്രിയല്ലെ
ങ്കിൽ പട്ടിണിയാവില്ലെ?

രാവിലെയെണീറ്റ് പഴയതിലും ഉത്സാഹത്തോടെ
അവൻ സ്കൂളിലേക്കോടി.ക്ലാസിലെത്തിയപ്പോൾ ആദ്യ
ത്തെ പിരീഡ് ഗണിതമായിരുന്നു.പുസ്തകമെടുക്കുമ്പോ
അവൻ കഞ്ഞിപ്പുരയിലേക്കുനോക്കി.ഇന്ന്
പുകയൊന്നുമില്ലല്ലോ ദൈവമേ.....അവൻ പേടിച്ചുപോ
യി.അപ്പോഴാണ് ഹെഡ്മാസ്റ്ററിന്റെ ശബ്ദം കേട്ടത്.സ്
ക്കൂൾ മുഴുവൻ നിശബ്ദമായി.

"നാളെ സ്കൂൾ അടക്കുകയാണ്.ഇനി രണ്ടുമാസത്തി
നുശേഷം ജൂൺ ഒന്നിന് സ്കൂൾ തുറക്കുന്നതായിരിക്കും".
അനൗൺസ്മെ

# പുഴയൊഴുകുന്ന വഴി

ഹാനിയ.9:A

മനസ്സിന്റെനോവുകൾ അറിയുന്ന പുഴയേ.....
നീ എന്റെ സങ്കടങ്ങൾ കാണുന്നില്ലയോ?.....
ജീവിതത്തിന്റെ ആഴങ്ങളിൽ നീന്തി ഞാൻ
ഈ ജന്മം ഞാനങ്ങു ജീവിച്ചു തീർക്കുന്നു
പുഴയൊഴുകുന്ന ശബ്ദം കേട്ട് ഞാൻ
എന്റെ സങ്കടങ്ങൾ ഞാൻ മറക്കുന്നു
എന്റെ നോവുകൾ കണ്ട് നീ
ഒഴുകിപോകുന്നു
ഞാൻ നിന്നെ കണ്ട് എന്റെ നോവുകൾ
മറക്കുന്നു . . .

# ഒരു സ്വപ്നം പോലെ

ആദിത്യ.പീ.പീ.9:B

ഒരു തണുപ്പുള്ള രാത്രി. നിർത്താതെ പെയ്യുന്ന മഴ. അപ്പോഴാണ് ഒരു ആംബുലൻസ് വീടിന്റെ മുറ്റത്ത് ബ്രേക്കിട്ടത്.ശബ്ദം കേട്ട് അനാമിക പുറത്തേക്ക് വന്നു.അപ്പോൾ കണ്ട കാഴ്ച്ച അവളെ ഞെട്ടിച്ചു.തന്റെ പ്രാണനേക്കാൾ സ്നേഹിക്കുന്ന അമ്മ വെള്ളപുതച്ച ശരീരത്തോടെ കിടക്കുന്നു.

ആ കാഴ്ച്ച അവളുടെ മനസ്സിനെ തളർത്തിക്കളഞ്ഞു. എപ്പോഴും ധൈര്യം തരുന്ന അമ്മയിതാ നിശ്ചലയായി കിടക്കുന്നു.

എപ്പോഴും കള്ളുകുടിച്ച് ആടിയാടിയെത്തുന്ന അച്ഛൻ അവൾക്കും അമ്മയ്ക്കും ഒരു പേടിസ്വപ്നമായിരുന്നു. അച്ഛൻ അമ്മയെ എത്രയടിച്ചാലും ശാസിച്ചാലും അമ്മ എല്ലാം ക്ഷമിക്കും.അമ്മയോടുള്ള ഈ പെരുമാറ്റം വീട്ടിൽ പതിവായിരുന്നു.

ഒരു ദിവസം അമ്മയുടെ തലപൊട്ടി ബോധം നഷ്ടപ്പെട്ടു.രണ്ടു ദിവസം ഹോസ്പിറ്റലിലായിരുന്നു.അപ്പോഴാണ് ആ വാർത്ത ഞങ്ങളുടെ കാതിലെത്തിയത്.അച്ഛൻ ഒരു ആക്സിഡന്റിൽ മരണപ്പെട്ടു.ആ വാർത്ത ഞങ്ങളെ

ദു:ഖിപ്പിച്ചെങ്കിലും,അന്നു ഞങ്ങൾ ഒരു നരകത്തിൽനി
ന്നും മോചിതരാവുകയായിരുന്നു.

അമ്മയുടെ അന്ത്യകർമ്മങ്ങൾ കഴിഞ്ഞു.എല്ലാം ഒരു
സ്വപ്നം പോലെ തോന്നുന്നു.അമ്മയുടെ ഫ്രെയിമിലെ
ചിത്രത്തിലേക്ക് നോക്കി അനാമിക അതിലെ അവ
സാനത്തെ വാക്കെഴുതി."ഞാനിന്ന് ഇതുപോലൊരു
കഥാകാരിയാവാൻ അമ്മതന്നെയാണ് കാരണം”.

# വസന്തകാലം

ആദിത്യ.പീ.പീ 9:B

വാസനയുള്ളൊരു റോസാപ്പൂ
വാരിയെടുക്കും മുല്ലപ്പൂ
മഞ്ഞനിറത്തിൽ കൊന്നപ്പൂ
കൺമിഴിപോലൊരു കള്ളിപ്പൂ
വെൺനിറമാർന്നൊരു തുമ്പപ്പൂ
ചെറുതാണല്ലോ കറുകപ്പൂ
ആഹാ!നല്ലൊരു പൂക്കാലം.
എത്ര നല്ല പൂക്കാലം

# ദാഹജലത്തിനായ് ഒരു യാത്ര....

ഹാനിയ.9:A

കിങ്ങിണിക്കുരുവിയോട് അമ്മ പറഞ്ഞു, "പുറത്തേക്കൊന്നും പോകരുത്. നല്ല വേനൽക്കാലമാണ്, അമ്മ തീറ്റയുമായി തിരികെ എത്തുമ്പോൾ മോൾക്ക് തരാം.." അമ്മ കൂട്ടിൽ നിന്നിറങ്ങി.

ദൈവമേ.... മോളെ സമാധാനിപ്പിച്ചാണ് ഇറങ്ങിയതെങ്കിലും എവിടെ നിന്നെങ്കിലും ഒരു തുള്ളി ദാഹജലം കിട്ടിയാൽ മതിയായിരുന്നു. എനിക്കായി എന്നും മുറ്റത്തും പറമ്പിലും വെള്ളം വച്ചുതരാറുള്ള കുമാരൻചേട്ടൻ കഴിഞ്ഞ ആഴ്ചയാണല്ലോ മരണത്തിന് കീഴടങ്ങിയത്.

ചേട്ടനുള്ളപ്പോൾ ഞങ്ങളെപ്പോലുള്ള എല്ലാ പക്ഷികൾക്കും സുഖമായിരുന്നു. ദാഹജലം മാത്രമല്ല, ഭക്ഷണവും ചേട്ടൻ ഞങ്ങൾക്ക് വേണ്ടി ഒരുക്കിയിരുന്നു. ചേട്ടന്റെ മരണശേഷം തെമ്മാടികളായ മക്കളാണ് അവിടെ താമസിക്കുന്നത്. അവർ ജീവജാലങ്ങളെ ഉപദ്രവിക്കുന്നു. അതിനാൽ ആരും തന്നെ അവിടേക്ക് ഇപ്പോൾ പോകാറില്ല.

ചൂട് കൂടിക്കൂടി വരുന്നല്ലോ.. ഇപ്പോഴും ഒന്നും കിട്ടിയിട്ടില്ല. ഇനി കുറച്ചുദൂരം പോലും എനിക്ക് പറക്കാനാവില്ല. ചിറകുകൾ തളരുന്നു, എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ കഴിയുന്നില്ലല്ലോ... അവൾ താഴെ വീണു.


ഒരു നിമിഷം മകളുടെ മുഖം മനസ്സിലൂടെ
കടന്നുപോയി. പാവം, അമ്മ ഭക്ഷണം കൊണ്ടു വ
രുന്നതും കാത്തിരിക്കുകയാണ്, ഞാനിപ്പോൾ മരി
ക്കും. എന്റെ മകൾ ഇനി എങ്ങനെ ജീവിക്കും? അ
വളുടെ ബോധം മറയാൻ തുടങ്ങി.

ബ്ലും... അവളുടെ വായിലേക്ക് ഒരു തുള്ളി ജലം
വന്നുവീണു. അവൾ പതിയെ കണ്ണുതുറന്നു. ഹാ
യ്...! മഴ...! മഴ...! ഇത് സ്വപ്നമാണോ? അവൾ
ചിറകുകൾ കൊണ്ട് കണ്ണ് തിരുമ്മി. അല്ല... സ
ത്യം തന്നെ... അവൾ ആവോളം വെള്ളം കുടി
ച്ചു. പെട്ടെന്ന് അവൾ തന്റെ കൂടിനടുത്തേക്ക്
പറന്നു.

കിങ്ങിണിക്കുരുവിയുടെ ചിറക് പിടിച്ച് അമ്മ അവളെ മഴയിൽ ധാരാളം വെള്ളം കുടിപ്പിച്ചു. ആ മഴയിൽ ഉണങ്ങിയ ഇലകൾ നൃത്തം ചെയ്യുന്നത് അവൾ കണ്ടു.

ഫാത്തിമ ഹാനിയ

# മറുവാക്കൊന്നുമോതാതെ



തീർത്ഥ 10:B

ഹാ ! സുന്ദിരി  വെണ്ണക്കല്ലേ...

നിനക്കെത്ര ഭംഗി

നിൻമിഴികളെത്ര സുന്ദരം


മറുവാക്കൊന്നുമോതാതെ അവൾ

നീയെത്ര സുന്ദരി

നീയൊരു ജീവൽപ്രതിമയാം

എങ്കിൽ ഞാൻ വർണ്ണിപ്പിൻ നിൻ- മനോഹാരിത


മറുവാക്കൊന്നു മോതാതെയവൾ



നിനക്കുണ്ടോ മാതാപിതാക്കൾ
ആര് നിർമ്മിച്ചു നിന്നിങ്ങനെ
നിൻ പടച്ചവനാര് ചൊല്ലുക
മറുവാക്കൊന്നു മോതാതെ യവൾ

നിന്നെ യേതു വെണ്ണക്കല്ലിൽ തീർത്തു
നിന്നെ ഞാൻ മേടിച്ചതെന്തിനെൻ- സുന്ദരി
നിൻ ആകർഷകമിഴികളാലോ ?
മറുവാക്കൊന്നു മോതാതെ യവൾ

നിയൊരു ജീവസ്ത്രീയായിരുന്നെങ്കിൽ
നൃത്തം പടിച്ചീടുമോ......



ഗാനകോകിലയായി മാറീടുമോ

മറുവാക്കൊന്നു മോതാതെ യവൾ

നിന്നകാര വടിവെന്ന മോഹിക്കപ്പെട്ട

നിന്നെ ഞാൻ വിവാഹം കഴിച്ചീടാം

നീ സമ്മതം മൂള്ള എന്റെ പെണ്ണുമായി


മറുപടിയൊന്നും പറയാതെയവൾ

നിനക്കൊരു ചിറകുണ്ടായിരുന്നെ-

ങ്കിലോ പാറിനടപ്പക നീയീ -

ആകാശസീമയിലങ്ങു മിങ്ങും.

മറുവാക്കൊന്നു മോതാതെ യവൾ



നീയൊരു രാജ്ഞിയായിരുങ്കെന്നിൽ
നീയെന്നെ രാജാവാക്കീടുമോ ?
രാജ്ഞിയായി രാജ്യം ആടിയുലക്കുമോ ?
മറുവാക്കൊന്നു മോതാതെ യവൾ

നീ ഒരു ദാരിദ്രയായിരുന്നെങ്കിൽ
മാതാപിതാക്കളുടെ പ്രിയപുത്രിയാകുമോ ?
നയ ഭരിതയായിടുമോ സുന്ദരി ?
മറുവാക്കൊന്നു മോതാതെ യവൾ

എന്താ മണ്ണക്കൽ സുന്ദരി
നീയിത്ര മൂകയായ് ഏകാന്തയായ്

നിൻ തുണക്കായീ ഞാൻ

മറുവാക്കൊന്നു മോതാതെ യവൾ

